
## ജി.എച്ച്.എസ് തത്തപ്പിള്ളി

# അക്കാദമിക് മാസ്റ്റർ പ്ലാൻ



ജി.എച്ച്.എസ്.തത്തപ്പിള്ളി
തത്തപ്പിള്ളി പി.ഒ
എറണാകുളം ജില്ല
പിൻ–683520

# ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- വിദ്യാലയ ചരിത്രം
- പൊതു ലക്ഷ്യങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
- നിലവിലെ അവസ്ഥാ വിശകലനം
- പ്രവർത്തനങ്ങൾ

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | – | ജി.എച്ച്.എസ് തത്തപ്പിള്ളി |
| വിലാസം | – | തത്തപ്പിള്ളി പി.ഒ, എറണാകുളം ജില്ല, 683520 |
| ഫോൺ | – | 0484 2446244 |
| സ്കൂൾ കോഡ് | – | |
| വിദ്യാഭ്യാസ ഉപജില്ല | – | എൻ പറവൂർ |
| വിദ്യാഭ്യാസ ജില്ല | – | ആലുവ |
| റവന്യു ജില്ല | – | എറണാകുളം |
| ബി.ആർ.സി | – | എൻ.പറവൂർ |
| സി.ആർ.സി | – | കിഴക്കേപ്രം |
| ഗ്രാമപഞ്ചായത്ത് | – | കോട്ടുവള്ളി |
| ബ്ലോക്ക് പഞ്ചായത്ത് | – | എൻ.പറവൂർ |
| ജില്ലാ പഞ്ചായത്ത് | – | എറണാകുളം |
| നിയമസഭാമണ്ഡലം | – | എൻ പറവൂർ |
| ലോക്സഭാമണ്ഡലം | – | എറണാകുളം |
| താലൂക്ക് | – | എൻ.പറവൂർ |
| വില്ലേജ് | – | കോട്ടുവള്ളി |
| ഇ–മെയിൽ | – | ഴമൃവെേമവേമ്യുുശഹഹശ്യ@ഴാമശഹ.രീാ |
| സ്കൂൾ വിക്കി | – | ഋ്യിമസൗഹമാ (ഞല്മിരല ഉശരൈ്യുശരേ) |
| | | അഹന്മ (ഋറൗരമശേീിമഹ ഉശരൈ്യുശരേ) |
| | | ഏ.ഒ.ട. ഠവമവേമ്യുുശഹഹശ |

# ആമുഖം

എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ തത്തപ്പിള്ളി എന്ന ഗ്രാമത്തിന്റെ ഹൃദയഭാഗത്താണ് ഈ വിദ്യാലയം.

നഴ്സറി മുതൽ പത്താം ക്ലാസ്സുവരെ 224 കുട്ടികൾ ഈ അദ്ധ്യയന വർഷം ഇവിടെ പഠിക്കുന്നുണ്ട്. പ്രൈമറി വിഭാഗത്തിൽ 5 പേരും സ്പെഷലിസ്റ്റ് വിഭാഗത്തിൽ 1 ഉം സംസ്കൃതം വിഭാഗത്തിൽ 1 ഉം കായിക വിഭാഗത്തിൽ പാർട്ട് ടൈമായി ഒന്നും ഉൾപ്പെടെ 15 അദ്ധ്യാപകരും ഹെഡ്മിസ്ട്രസ് ഉൾപ്പെടെ അഞ്ച് ഓഫീസ് ജീവനക്കാരും ഒരു പാചകതൊഴിലാളിയും സ്കൂളിൽ സേവനം ചെയ്തുവരുന്നു.

2013–14 അദ്ധ്യയന വർഷത്തിൽ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. 2015 ൽ സ്കൂളിൽ ആദ്യ പത്താം ക്ലാസ്സ് ബാച്ച് ആരംഭിച്ചു. ആദ്യ ബാച്ചു മുതൽ തുടർച്ചയായി 100 % വിജയം കരസ്ഥമാക്കിവരുന്നു. കലാരംഗത്തും കായിക രംഗത്തും മികച്ച പ്രകടനങ്ങൾ കാഴ്ച വെക്കുന്നതിന് സ്കൂളിന് കഴിയുന്നുണ്ട്.

## വിദ്യാലയ ചരിത്രം

1947 ഫെബ്രുവരി മാസത്തിൽ തത്തപ്പിള്ളിയിൽ പത്തിൽ പുരയിടത്തിലാണ് സ്കൂൾ ആരംഭിച്ചത്. തുടർന്ന് നാട്ടുകാർ സഹകരിച്ച് റോഡിനു കിഴക്കുവശം ശ്രീ. അംബി സ്വാമിയുടെ പക്കൽ നിന്നും അൻപത് സെന്റ് സ്ഥലം വാങ്ങി സർക്കാരിന് കൈമാറി. തുടർന്ന് സർക്കാർ ഫണ്ടുപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുകയും 1960-ൽ പുതിയ കെട്ടിടത്തിൽ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. 1986-ൽ എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം 59 1/2 സെന്റ് സ്ഥലം കൂടി റോഡിനു കിഴക്കുവശത്ത് സ്കൂളിനു വേണ്ടി അനുവദിച്ചു. ഇപ്പോൾ ആകെ ഒരേക്കറും ഒൻപതര സെന്റ് സ്ഥലവും സ്കൂളിന് സ്വന്തമായി ഉണ്ട്.

2016 – 17 അദ്ധ്യയന വർഷത്തിൽ ഹൈസ്കൂളിനു വേണ്ടി പറവൂർ എം.എൽ.എ അഡ്വ.വി.ഡി സതീശൻ അവർകളുടെ ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുകയും 8, 9, 10 ക്ലാസ്സുകൾ ആ കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.

## പൊതുലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെച്ചുവെന്ന് ഉറപ്പുവരുത്തുക.
- ഓരോ ഘട്ടവും പൂർത്തിയാകുമ്പോഴും കുട്ടികളുടെ അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കൾ ഉൾപ്പെടെയുള്ള പൊതുസമൂഹത്തെ അറിയിക്കുക.
- കുട്ടികളുടെ വർഗ്ഗപരവും അക്കാദമികപരവും കായിക പരവുമായ കഴിവുകളെ പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമാക്കുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- പാഠ്യ - പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനവും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ
- ലോകത്തെവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനെക്കാളും മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- പരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന് കുട്ടിയെ പ്രാപ്തമാക്കൽ.

# നിലവിലെ അവസ്ഥാവിശകലനം

## അക്കാദമിക നേട്ടങ്ങൾ

2015–17 മുതൽ തുടർച്ചയായി 100% വിജയം എസ്.എസ്.എൽ.സിക്ക് നേടി വരുന്നു. കലാരംഗത്തും കായിക രംഗത്തും സബ്ബ് ജില്ലാതലത്തിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്നുണ്ട്. കായിക രംഗത്ത് ജില്ലാ തലത്തിലും കുട്ടികൾ പങ്കെടുത്തിട്ടുണ്ട്. യു.എസ്.എസ് പരീക്ഷയിൽ പങ്കെടുത്ത ഒരു കുട്ടിക്ക് സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്.

## അക്കാദമികം – പരിമിതികൾ

വിവിധ മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാലാനവീകരണം, ലബോറട്ടറികൾ ആധുനികവൽക്കരണം എന്നിവ നടക്കേണ്ടതുണ്ട്. കലാ കായിക രംഗത്ത് അദ്ധ്യാപകരുടെ പൂർണ്ണമായസേവനം ആവശ്യമാണ്. ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് ബയോളജി എന്നീ വിഷയങ്ങളിൽ പ്രത്യേകം അദ്ധ്യാപകർ ഉണ്ടാവേണ്ടതാണ്. ഈ വിഷയത്തിൽ സർക്കാരിന്റെ പ്രത്യേക നിയമ നിർമ്മാണം തന്നെ അത്യാവശ്യമാണ്. സ്മാർട്ട് റൂം ലഭ്യമായിട്ടുണ്ട്

## പ്രവർത്തനങ്ങൾ

1. ഇംഗ്ലീഷ്

   1. ഇംഗ്ലീഷ് അസംബ്ലി
   2. ഇംഗ്ലീഷ് ഡയറി
   3. ഇംഗ്ലീഷ് തീയെറ്റർ
   4. ഇംഗ്ലീഷ് ഫെസ്റ്റ്
   5. ഇംഗ്ലീഷിൽ കത്തെഴുത്ത്
   6. ഇംഗ്ലീഷ് ചാറ്റ്
   7. ഇംഗ്ലീഷിലേക്ക് തർജ്ജമ
   8. ഗ്രാമർ സ്കൂൾ
   9. പ്രസംഗ തർജ്ജമ
   10. ഇംഗ്ലീഷ് കോർണർ

2. മലയാളം

1. രചനാ ശിൽപ്പശാല
2. ബ്ലോഗ് നിറക്കൽയജ്ഞം
3. ഗ്രന്ഥശാലാ ശാക്തീകരണം
4. നാടക കളരി
5. അഭിമുഖങ്ങൾ / സെമിനാറുകൾ
6. കുട്ടീസ് റേഡിയൊ
7. ദിനാചരണങ്ങൾ

3. ഹിന്ദി

1. രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ
2. ഹിന്ദി അസംബ്ലി
3. ഹിന്ദിഡയറി
4. ഹിന്ദിയിൽ കത്തെഴുതൽ

4. സംസ്കൃതം

1. സംസ്കൃതം – അസംബ്ലി
2. സംസ്കൃതം സംഭാഷണ കളരി
3. വായനാമത്സരം
4. വ്യാകരണ ക്ലാസ്സ്

5. ഗണിതം

1. ഗണിത ലാബ് സജ്ജീകരിക്കൽ
2. ഗണിത ചുമരെഴുത്ത്

6. ശാസ്ത്രം

1. ശാസ്ത്രലാബ് നവീകരിക്കൽ
2. ശാസ്ത്ര പോഷണ പരിപാടി
3. പ്രതിഭാ പോഷണ പരിപാടി
4. ശാസ്ത്ര യാത്രകൾ
5. മേളകൾ

*7. സാമൂഹ്യശാസ്ത്രം*

1. സാമൂഹ്യ ശാസ്ത്ര ലാബ്
2. പഠനയാത്രകൾ
3. ഡിബേറ്റ് ക്ലബ്ബ്
4. മോക്പാർലമെന്റ്
5. സാമൂഹ്യ ശാസ്ത്ര ലൈബ്രറി കോർണർ
6. ബുള്ളറ്റിൻ ബോർഡ്

*8. കായികം*

1. കായിക പരിശീലനം
2. കായിക താരങ്ങൾക്ക് അവാർഡ്

*9. പൊതുമേഖലകൾ*

1. മെഡിക്കൽ ക്യാമ്പ്
2. പച്ചക്കറിത്തോട്ടം
3. ജൈവ വൈവിദ്ധ്യ പാർക്ക്
4. ക്ലാസ്സ് പി.ടി.എ സജീവമാക്കൽ
5. പോഷണ പ്രൊജറ്റുകൾ
6. വരയും കുറിയും
7. ജന്മദിനത്തിന് ഒരു പുസ്തകം
8. ശാസത്ര മാജിക്
9. വർക്ക്ഷീറ്റ് നിർമ്മിക്കൽ
10. സമഗ്ര പോർട്ടൽ ശിൽപ്പശാല
11. ലോക സഞ്ചാരം
12. ചരിത്രകലണ്ടർ
13. നിശാപാഠശാല
14. മൺമറിഞ്ഞ ആഹാരം
15. ഫാസ്റ്റ് ഫുഡ് - ഫാസ്റ്റ് ടു ഡെത്ത്
16. പ്രവൃത്തി പരിചയം
17. ജീവിതശേഷി പരിശീലനം (ഘശളല സെശഹഹര ഋല്ലഹീുലാലിമ)
18. വിദഗ്ധരുടെ ക്ലാസ്സുകൾ

19. പ്രാദേശിക യാത്രകൾ

*10. മറ്റു സവിശേഷ പദ്ധതികൾ*

1. മലയാളത്തിളക്കം
2. ശ്രദ്ധ
3. നവപ്രഭ
4. സർഗ്ഗോത്സവം
5. ഇണടച്ച കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ
6. പഠനവൈകല്യമുള്ള കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ

*11. ഭൗതികം*

1. ചുറ്റുമതിൽ
2. കവാടം, പടിപ്പുര
3. പുതിയ മന്ദിരം
4. കിഡ്സ് പാർക്ക്
5. പ്രീ-പ്രൈമറി & ലാബ് സമുച്ചയം
6. മൈതാന നിർമ്മാണം
7. എച്ച്.എസ്.എസ്. സ്റ്റാഫ് റൂം നിർമ്മാണം
8. എച്ച്.എസ്.എസ്. പ്രിൻസിപ്പാൾ റൂം നിർമ്മാണം
9. കുടിവെള്ള വിതരണം
10. യോഗ പരിശീലനകേന്ദ്രം
11. വാഹന ഷെഡ്ഡ്
12. ജനറേറ്റർ സ്ഥാപിക്കൽ
13. ഓഫീസ് ഡിജിറ്റലൈസേഷൻ
14. മാലിന്യ സംസ്കരണം
15. ബയോഗ്യാസ് പ്ലാന്റ്
16. ടൂൾകിറ്റ് പണിയായുധങ്ങൾ
17. സൗരോർജ്ജപാനൽ
18. കുട്ടികൾക്ക് ബാഡ്ജും, ഡയറിയും
19. സൗണ്ട് സിസ്റ്റം

12. സാമൂഹികം

1. പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ
2. പൂർവ്വഅദ്ധ്യാപക സംഗമം
3. അംഗണവാടി കലോത്സവം
4. പ്രാദേശിക പി.ടി.എ.യോഗങ്ങൾ
5. പഠനക്കൂട്ടങ്ങൾ
6. രക്ഷിതാക്കൾക്ക് ഇ-സാക്ഷരത
7. പി.എസ്.സി. കോച്ചിംഗ്
8. ഹരിതഗ്രാമം

പ്രവർത്തനം : 1
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി
മേഖല/ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി
മേഖല/ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | |

പ്രവർത്തനം : 3
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തീയറ്റർ
മേഖല/ഉപമേഖല : ഇംഗ്ലീഷ് ഭാഷാ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ, ഉദാ. സ്കിറ്റ് കൺവർസേഷൻ, ഡ്രാമ മുതലായവ | പ്രതി മാസ പരിപാടി | എച്ച് എം. ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/- പി.ടി.എ |

പ്രവർത്തനം : 4
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്
മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | പി.ടി.എ പ്രസിഡന്റ് എച്ച്.എം | 10000/- (പ്രതി വർഷം സി.എസ്. ആർ.ഫണ്ട്) |

പ്രവർത്തനം : 5
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (ജിഴഹശവെ ുലി ഋശലിറ)
മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന യിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ | പ്രതി വർഷം 10000/- (പി.ടി.എ ഫണ്ട്) |

പ്രവർത്തനം : 6
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ചാറ്റിംഗ്
മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ | വിദേശ രാജ്യങ്ങളിൽ സമാന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി സ്കൈപ്പ് മുഖേന ഇംഗ്ലീഷിൽ ആശയവിനിമയം | മാസത്തിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 7
പ്രവർത്തനത്തിന്റെ പേര് : റ്യമിഹെമശേ 7ള ഞമഹത്യമഹമാ മവശഹറ്യലിമ
യീസഖ ഭീ ജിഴഹശവെ (മലയാളകൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ
മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാള സാഹിത്യ കൃതികൾ ആശയം ചോർന്നു പോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു വീതം | ഇംഗ്ലീഷ് ടീച്ചർ | പ്രതി വർഷം 20,000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം : 8
പ്രവർത്തനത്തിന്റെ പേര് : ഗ്രാമർ സ്കൂൾ
മേഖല/ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതി വർഷം പത്ത് ക്ലാസ്സ് | ഇംഗ്ലീഷ് ടീച്ചർ | 5,000/- (പൂർവ്വ വിദ്യാർത്ഥി സംഘടന) |

പ്രവർത്തനം : 9
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തർജ്ജമ
മേഖല/ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | അലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതി മാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 10
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ
മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠാനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതി മാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 11
പ്രവർത്തനത്തിന്റെ പേര് : രചനാശിൽപ്പശാല
മേഖല/ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ,വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/ കവിയരങ്ങ്/ രചനാ ശിൽപ്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. ക്ലാസ്സുമുറിയിലെ പഠന സാമഗ്രിയായി മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 12
പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാലാ സാക്തീകരണം
മേഖല/ഉപമേഖല : ഭാഷാ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ, വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം. പി.ടി.എ ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 13
പ്രവർത്തനത്തിന്റെ പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം
മേഖല/ഉപമേഖല : ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവ മാദ്ധ്യമത്തി ലൂടെ പ്രസിദ്ധീ കരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതി മാസ പരി പാടി | വിദ്യാരംഗം എസ്.ഐ ടി.സി | |

പ്രവർത്തനം : 14
പ്രവർത്തനത്തിന്റെ പേര് : നാടകക്കളരി
മേഖല/ഉപമേഖല : ഭാഷാ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപ ത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറു കഥകൾ എന്നിവ യുടെ നാടകാ വിഷ്കരണം | പ്രതി മാസ പരി പാടി | ആർട്ട്സ് ക്ലബ്ബ് | |

പ്രവർത്തനം : 15
പ്രവർത്തനത്തിന്റെ പേര് : അഭിമുഖങ്ങൾ/ സെമിനാറുകൾ
മേഖല/ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷിക ളുടെ പരിപോ ഷണം | പ്രശസ്തരായ സാഹിത്യ കാരന്മാരുമായി അഭി മുഖം നടത്തൽ. സാഹി ത്യനായകന്മാർ പങ്കെടു ക്കുന്ന വിവിധ സെമിനാ റുകൾ സംഘടിപ്പിക്കൽ | വർഷ ത്തിൽ ഒരു പ്രാവ ശ്യം | ഒ.എസ്.എ | 10000/- (ഒ. എസ്.എ) |

പ്രവർത്തനം : 16
പ്രവർത്തനത്തിന്റെ പേര് : കുട്ടീസ് റേഡിയോ
ഉപമേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമ തല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരി ക്കൽ | വിദ്യാലയത്തിൽ ക്രമീ കരിച്ചിരിക്കുന്ന റേഡിയോയിൽ നിന്നും എല്ലാ ക്ലാസ്സിലും ക്രമീകരി ച്ചിരിക്കുന്ന സ്പീക്കറു കളിലേക്ക് ഒഴിവുസമ യത്ത് റേഡിയോ പ്രക്ഷേപണം, കുട്ടിക ളുടെ വിവിധ പരിപാ ടികളുടെ അവതര ണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവ സവും ഒഴിവു സമയങ്ങളിൽ | എസ്. ആർ.ജി | 25,000/- വ്യവസായ ഗ്രൂപ്പ് സ്പോൺ സർ ഷിപ്പ് |

പ്രവർത്തനം : 17
പ്രവർത്തനത്തിന്റെ പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠ ഭാഷ
ഉപമേഖല : അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്നു വീതം | ഹിന്ദി ക്ലബ്ബ് | 5,000/- (എസ്.എസ്.ജി) |

പ്രവർത്തനം : 18
പ്രവർത്തനത്തിന്റെ പേര് : ഹിന്ദി അസംബ്ലി
മേഖല/ഉപമേഖല : അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഹിന്ദിയിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഹിന്ദിയിൽ ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 1 ദിവസം | ഹിന്ദി ടീച്ചർ | |

പ്രവർത്തനം : 19
പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ഡയറി
മേഖല/ഉപമേഖല : ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഹിന്ദി എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഹിന്ദി ഡയറിയിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഹിന്ദി അദ്ധ്യാപിക | |

പ്രവർത്തനം : 20
പ്രവർത്തനത്തിന്റെ പേര് : ഹിന്ദിയിൽ കത്തെഴുത്ത്
മേഖല/ഉപമേഖല : ഹിന്ദി പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നു വീതം | ഹിന്ദി ടീച്ചർ | പ്രതി വർഷം 10000/- (പി.ടി.എ ഫണ്ട്) |

പ്രവർത്തനം : 21
പ്രവർത്തനത്തിന്റെ പേര് : സംസ്കൃതം അസംബ്ലി
മേഖല/ഉപമേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും സംസ്കൃതം ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും സംസ്കൃതത്തിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ സംസ്കൃതത്തിൽ ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 1 ദിവസം | സംസ്കൃതം ടീച്ചർ | |

പ്രവർത്തനം : 22
പ്രവർത്തനത്തിന്റെ പേര് : സംഭാഷണകളരി
മേഖല/ഉപമേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും സംസ്കൃതം ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ലഘുവാക്യങ്ങൾ, സംസ്കൃതപദങ്ങൾ, വ്യവഹാരപദങ്ങൾ എന്നിവയുടെ പഠനം | അവധി ദിവസങ്ങൾ, ഇടവേളകൾ | സംസ്കൃതം ടീച്ചർ | |

പ്രവർത്തനം : 23
പ്രവർത്തനത്തിന്റെ പേര് : വായനമത്സരം
മേഖല/ഉപമേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും സംസ്കൃതം ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | സംസ്കൃതഗ്രന്ഥങ്ങൾ, മാസികകൾ എന്നിവയുടെ വായന | അവധി ദിവസങ്ങൾ, ഇടവേളകൾ | സംസ്കൃതം ടീച്ചർ | |

പ്രവർത്തനം : 24
പ്രവർത്തനത്തിന്റെ പേര് : വ്യാകരണ ക്ലാസ്സുകൾ
മേഖല/ഉപമേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള സംസ്കൃതം ക്ലാസ്സുകൾ | പ്രതി വർഷം പത്ത് ക്ലാസ്സ് | സംസ്കൃതം ടീച്ചർ | 5,000/- (പൂർവ്വ വിദ്യാർത്ഥി സംഘടന) |

പ്രവർത്തനം : 25
പ്രവർത്തനത്തിന്റെ പേര് : ഗണിത ലാബ് സജ്ജീകരിക്കൽ
മേഖല/ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി, ഗണിത ക്ലബ്ബ് | |

പ്രവർത്തനം : 26
പ്രവർത്തനത്തിന്റെ പേര് : ചുമരെഴുത്ത് (ഗണിതം)
ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്തെ മതിലുകളിലും ചുവരുകളിലും ഗണിതവുമായി ബന്ധപ്പെട്ട സമവാക്യങ്ങൾ, രൂപങ്ങൾ വരയ്ക്കൽ | വാർഷിക പരിപാടി | ഗണിത ക്ലബ് | |

പ്രവർത്തനം : 27
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ
ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണ ങ്ങളും രാസവസ്തു ക്കളും ഫിസിക്സ് കെമിസ്ട്രി ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാ ക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

പ്രവർത്തനം : 28
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര പോഷണ പരിപാടി
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷശാസ്ത്രത്തി ന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ് | 10000/- (എസ്.എ സ്.ജി) |

പ്രവർത്തനം : 29
പ്രവർത്തനത്തിന്റെ പേര് : പ്രതിഭാപോഷണ പരിപാടി
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്. ആർ.ജി. | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം : 30
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ (എശലഹറ ഠൃശുെ)
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ | 1500/- (ഒ.എസ്.എ) |

പ്രവർത്തനം : 31
പ്രവർത്തനത്തിന്റെ പേര് : മേളകൾ
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്.ആർ.ഫണ്ട്) |

പ്രവർത്തനം : 32
പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യ ശാസ്ത്ര ലാബ്
ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/-(പി.ടി.എ) |

പ്രവർത്തനം : 33
പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ
ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രധാനമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നു വീതം | എസ്. ആർ.ജി | 20,000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 34
പ്രവർത്തനത്തിന്റെ പേര് : ഡിബേറ്റ് ക്ലബ്ബ്
ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിയമനങ്ങൾ രൂപീകരിക്കുക | സമകാലിക സാമൂഹിക ശാസ്ത്രവിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രബാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നു വീതം | എസ്. ആർ.ജി | 10,000/- (എസ്.ഡി.സി) |

പ്രവർത്തനം : 35
പ്രവർത്തനത്തിന്റെ പേര് : മോക്ക് പാർലമെന്റ്
ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ, ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം<br>1. കാലവർഷ സമ്മേളനം<br>2. തുലാവർഷ സമ്മേളനം<br>3. ഓണക്കാല സമ്മേളനം<br>4. ക്രിസ്മസ് സമ്മേളനം<br>5. വേനൽക്കാല സമ്മേളനം | എസ്.ആർ.ജി സ്കൂൾ പാർലമെന്റ് | |

പ്രവർത്തനം : 36
പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യ ശാസ്ത്ര ലൈബ്രറി കോർണർ
ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്കുപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 37
പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്
ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകൾ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1,000/- (പി.ടി.എ) |

പ്രവർത്തനം : 38
പ്രവർത്തനത്തിന്റെ പേര് : കായികം
ഉപമേഖല : കായികപരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) | പി.ടി.എ കായിക അദ്ധ്യാപകൻ | 10,000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 39
പ്രവർത്തനത്തിന്റെ പേര് : കായിക താരങ്ങൾക്ക് വാർഡ് / സമ്മാനങ്ങൾ
ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ് / സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ തലം, ഉപ ജില്ലാ തലം, ജില്ലാ തലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്കു ശേഷം | എച്ച്.എം. കായിക അധ്യാപകൻ | 5,000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം : 40
പ്രവർത്തനത്തിന്റെ പേര് : മെഡിക്കൽ ക്യാമ്പ്
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷത്തിൽ ഒന്നു വീതം | എച്ച്.എം. പി.ടി.എ | (പി.ടി.എ) |

പ്രവർത്തനം : 41
പ്രവർത്തനത്തിന്റെ പേര് : പച്ചക്കറിത്തോട്ടം
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ.ജി എസ്.എസ്.ജി | 5,000/- (കൃഷി വകുപ്പ്) |

പ്രവർത്തനം : 42
പ്രവർത്തനത്തിന്റെ പേര് : ജൈവ വൈവിധ്യ പാർക്ക്
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിദ്ധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്. ആർ.ജി | 25,000/- (എസ്.എസ്. എ) |

പ്രവർത്തനം : 43
പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പി.ടി.എ സജീവമാക്കൽ
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ, കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി, പരിശോധിക്കൽ മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവയുണ്ടാകണം | പ്രതി മാസ പരിപാടി | ക്ലാസ് ടീച്ചർ | 5,000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 44
പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര പരിപാടി
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം.പി.ടി.എ | 5,000/- സി.എസ്.ആർ ഫണ്ട് |

പ്രവർത്തനം : 45
പ്രവർത്തനത്തിന്റെ പേര് : ഗവേഷണ പ്രോജക്ടുകൾ
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | പൂർവ്വ വിദ്യാർത്ഥികളുടെ ഡേറ്റാ ബുക്ക് തയ്യാറാക്കൽ, പഠന പിന്നാക്കാവസ്ഥയുള്ളവർക്കുള്ള പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ, സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്നു വീതം | എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി | |

പ്രവർത്തനം : 46
പ്രവർത്തനത്തിന്റെ പേര് : വരയും കുറിയും
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ഗതകാലത്തിന്റെ ചിത്രാവിഷ്ക്കാരം | ഓരോ വിദ്യാലയത്തിനും അത് സ്ഥിതിചെയ്യുന്ന പ്രദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്. ഈ ചരിത്രം രേഖാചിത്രീകരണങ്ങളിലൂടെയും ലഘു വിവരണങ്ങളിലൂടെയും രേഖപ്പെടുത്തി പുസ്തകമാക്കുന്നു. | ഒരു പ്രാവശ്യം | ഒ.എസ്.എ.എസ്.എസ്.ജി | 10,000/- (പി.ടി.എ) |

പ്രവർത്തനം : 47
പ്രവർത്തനത്തിന്റെ പേര് : ജന്മദിനത്തിനൊരു പുസ്തകം
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറി യുടെ നവീക രണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മദിനങ്ങ ലിലും | ക്ലാസ്സ് ടീച്ചർ ക്ലാസ് ലീഡർ | |

പ്രവർത്തനം : 48
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രമാജിക്
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭി രുചി വളർത്തുക | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. അവയുടെ പ്രവർത്തന ക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തണം | മാസ ത്തിൽ ഒന്നു വീതം | എസ്.ആർ.ജി | |

പ്രവർത്തനം : 49
പ്രവർത്തനത്തിന്റെ പേര് : വർക്ക് ഷീറ്റ് നിർമ്മിക്കൽ
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലെയും മാസികകളിലെയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | അാസത്തിൽ രണ്ടു പ്രാവശ്യം | എസ്. ആർ.ജി | |

പ്രവർത്തനം : 50
പ്രവർത്തനത്തിന്റെ പേര് : സമഗ്രപോർട്ടൽ ശിൽപ്പശാല
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | ടഎ.ടി സ്കൂളിന്റെ പോർട്ടലലായ സമഗ്രയിലേക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്. ആർ.ജി യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ സമയ ലഭ്യതയനുസരിച്ച് പോർട്ടലിൽ അപ് ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം | എസ്. ആർ. ജി | |

പ്രവർത്തനം : 51
പ്രവർത്തനത്തിന്റെ പേര് : ലോകസഞ്ചാരം
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോക ഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുവാൻ കഴിയുന്ന ഒരു ഭിത്തിയിൽ വലുതായി ചിത്രീകരിക്കണം. ദിവസവും ദിനപത്രങ്ങൾ പരിശോധിച്ച് ഓരോ രാജ്യവുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ അതാത് രാജ്യങ്ങളിൽ ഒട്ടിക്കുന്നു. മാസാവസാനം വാർത്തകൾ മുഴുവൻ പൊളിച്ചു മാറ്റി വീണ്ടും പ്രവർത്തനം ആരംഭിക്കാം,. | പ്രതിദിനം | എസ്. ആർ. ജി | |

പ്രവർത്തനം : 52
പ്രവർത്തനത്തിന്റെ പേര് : ചരിത്ര കലണ്ടർ
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്ര ബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കു താഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്ര കലണ്ടർ രൂപപ്പെടും. | പ്രതിദിനം | എസ്. ആർ.ജി | |

പ്രവർത്തനം : 53
പ്രവർത്തനത്തിന്റെ പേര് : നിശാപാഠശാല
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പിന്നോക്കക്കാരായ 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് രാത്രികാല പരിശീലനം | പൊതുവായ പരീക്ഷകൾക്ക് മുമ്പായി ഒരു മാസം നീണ്ടു നിൽക്കണെ രാത്രികാല പരിശീലനം, പി.ടി.എ പ്രതിനിധികലും അദ്ധ്യാപകരും പാഠശാലയ്ക്ക് നേതൃത്വം നൽകണം ഭക്ഷണം നൽകണം | പ്രതി വർഷം ഒരു മാസം | പി.ടി.എ എസ്. ആർ.ജി | 10,000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം : 54
പ്രവർത്തനത്തിന്റെ പേര് : മൺമറഞ്ഞ ആഹാരം
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാരസാധനങ്ങൾ, എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ.ജി പി.ടി.എ | |

പ്രവർത്തനം : 55
പ്രവർത്തനത്തിന്റെ പേര് : ഫാസ്റ്റ് ഫുഡ്- ഫാസറ്റ് ടു ഡെത്ത്
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് ധാരണ രൂപപ്പെടുത്തൽ | കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികയിൽപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പു തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ.ജി | |

പ്രവർത്തനം : 56
പ്രവർത്തനത്തിന്റെ പേര് : പ്രവൃത്തി പരിചയം
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തൊഴിലധിഷ്ഠിത വിദ്യാഭ്യാസം. എല്ലാ തൊഴിലിനും പ്രാധാന്യമുണ്ടെന്നും എല്ലാ തൊഴിലും ചെയ്യുവാൻ കുട്ടികളിൽ താലപര്യം ജനിപ്പിക്കുക. | വിവിധ തരത്തിലുള്ള അലങ്കാര വസ്തുക്കൾ, പൂക്കൾ എന്നിവയുടെ നിർമ്മാണം. എംബ്രോയ്ഡറി സ്റ്റിച്ചുകൾ, നോട്ട് ബുക്ക് നിർമ്മാണം, സോപ്പ് നിർമ്മാണം, ഡിഷ് വാഷ് നിർമ്മാണം, പൊടിതട്ടി, ഡസ്റ്റർ, നക്ഷത്രം , തുണിസഞ്ചി, പേപ്പർ ബാഗ്, പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗ യോഗ്യമായ വസ്തുക്കൾ നിർമ്മിക്കൽ | അക്കാദമിക് ഇയർ തുടർ പ്രവർത്തനം | ചലലറ ഹല ീൃസ ലേമരവ ല്യ | ടടഏ്ള |

പ്രവർത്തനം : 57
പ്രവർത്തനത്തിന്റെ പേര് : CWSN
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക | പ്രത്യേക പരിഗണന അർഹിക്കുന്നു. കുട്ടികൾക്ക് വേണ്ട സഹായങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക. | അക്കാദമിക്ക് ഇയർ തുടർ പ്രവർത്തനം | ടഞഏ | ജഠഅ |

പ്രവർത്തനം : 58
പ്രവർത്തനത്തിന്റെ പേര് : പഠനവൈകല്യം പരിഹരിക്കുക
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠന വൈകല്യം പരിഹരിക്കുക | പഠനവൈകല്യം നേരിടുന്ന കുട്ടികളെ കണ്ടെത്തുക. അവർക്ക് ആവശ്യമായ പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. | അക്കാദമിക്ക് ഇയർ തുടർ പ്രവർത്തനം | ടഞഏ | ജഠഅ |

## മലയാളത്തിളക്കം.

മലയാള ഭാഷ തെറ്റുകൂടാതെ എഴുതാനും വായിക്കാനും അറിയാത്ത 5 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ബി.ആർ.സി യുടെ നേതൃത്വത്തിൽ നടത്തിയ കർമ്മപരിപാടിയാണ് മലയാളത്തിളക്കം. ബി.ആർ സി യിലെ അദ്ധ്യാപകർ ആദ്യം അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും തുടർന്ന് ക്ലാസ്സുകൾ ഓരോ വിദ്യാലയങ്ങളിലും ഒരേ ദിവസം ആരംഭിച്ച് കുട്ടികൾക്ക് പ്രയോജനപ്രദമായി നൽകി. ചിഹ്നങ്ങളും അക്ഷരങ്ങളും എഴുതുമ്പോഴും വായിക്കുമ്പോഴും വരുത്തുന്ന തെറ്റുകൾ സ്വയം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സാധിച്ചു.

തുടർ പരിപാടിയെന്ന നിലയിൽ കുട്ടികളുടെ രക്ഷിതാക്കളെ വരുത്തി വീട്ടിലിരുന്ന് അവർക്ക് സ്വതന്ത്രമായി വായിക്കാനും എഴുതാനുമുള്ള അവസരം ഒരുക്കി കൊടുക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

കുട്ടികളിൽ ചിഹ്നബോധവും ഉച്ചാരണബോധവും ഉറപ്പിക്കാനും മലയാള ഭാഷയെ അറിയാനും സ്നേഹിക്കാനും 'മലയാളത്തിളക്കം' പരിപാടി ഏറെ പ്രയോജനകരമായിരുന്നു.

## ശ്രദ്ധ – മികവിലേക്കൊരു ചുവട്

എല്ലാ കുട്ടികളേയും മുൻനിരയിലേക്കെത്തിക്കാൻ കേരള ഗവൺമെന്റ് നടപ്പിലാക്കുന്ന 'ശ്രദ്ധ' എന്ന പരിപാടി ഇവിടെയും നടപ്പിലാക്കി വരുന്നു. കഴിഞ്ഞ ഒക്ടോബറിൽ തുടങ്ങിയ പരിശീലനം പുരോഗതിയുടെ പാതയിലാണ്. ഇംഗ്ലീഷ്, ഗണിതം, സയൻസ്, മലയാളം എന്നീ വിഷയങ്ങളിലായി 5–ാം ക്ലാസ്സിലെ 12 ഓളം കുട്ടികൾ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ കുട്ടികളും തന്നെ ഇംഗ്ലീഷ് അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിച്ചതിനു പുറമെ വാചകങ്ങൾ വായിക്കാൻ പഠിച്ചുവരുന്നു. സയൻസ്, മലയാളം വിഷയങ്ങളിലും അടിസ്ഥാനാശയങ്ങൾ ഗ്രഹിച്ച് കൂടുതൽ ഉത്സാഹത്തോടെ മുന്നേറിക്കൊണ്ടിരിക്കുന്നു.

# ഉപസംഹാരം

ഒരു വിദ്യാലയത്തിന്റെ സമഗ്ര വികസനം പൂർണ്ണമാകുന്നത് അവിടത്തെ ഭൗതിക-അക്കാദമിക മേഖലകൾ മെച്ചപ്പെടുത്തുമ്പോഴാണ്. ഭൗതിക സാഹചര്യങ്ങളുടെ വളർച്ച അക്കാദമിക മേഖലയിലെ വളർച്ചയ്ക്ക് ആക്കം കൂട്ടും എന്ന കാര്യത്തിൽ തർക്കമില്ല. ആയതിനാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് സ്കൂളിന്റെ വികസനത്തിന് അത്യാവശ്യമാണ്. ഇതിനെ പി.ടി.എയുടെയും സ്കൂൾ അധികൃതരുടെയും അഭ്യുദയകാംക്ഷികളുടെയും സഹായ സഹകരണം കൂടിയേ തീരൂ. ഭൗതികമേഖലയുടെ വികസനത്തിലൂടെ അക്കാദമിക മേഖലയുടെ വികസനം ഏറ്റവും കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയും. ഇത് എല്ലാ അധ്യാപകരുടെയും കൂട്ടായ്മയിലൂടെ ഉറപ്പുവരുത്താൻ സാധിക്കും. മേൽപ്പറഞ്ഞ ഉദ്ദേശങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങളിലൂടെ നമ്മുടെ വിദ്യാലയത്തിന് വിദ്യാഭ്യാസ മേഖലയുടെ കൊടുമുടികൾ കീഴടക്കാൻ കഴിയും എന്ന് നിസംശയം പറയാം.

****

realme Shot on realme 8s 5G